## ക്രിസ്തുമസ്സ് സന്ദേശം

ക്രിസ്തുമസ് സന്തോഷത്തിന്റെ തിരുന്നാളാണ്. ചിറകറ്റുപോയ ആത്മീയ ജീവിതത്തിന്, പ്രതീക്ഷയ കെട്ടുപോയ മനുഷ ജീവിതത്തിന്, പ്രതീക്ഷയും ആനന്ദവും മനസിന് ബലവും നല്കുന്ന തിരുന്നാളാണ് ക്രിസ്മസ്. എന്തുകൊണ്ടാന് ക്രിസ്മസ് സന്തോഷത്തിന്റെ തിരുന്നാളാകുന്നത്.

* ക്രിസ്മസ് ഒരുക്കുന്ന ആത്മീയ പരിസരങ്ങൾ കൊണ്ടുതന്നെ.

എന്താണ് ക്രിസ്മസ് ഒരുക്കുന്ന ആത്മീയ പരിസരം. ആത്മീയപരിസരമെന്നാൽ ആത്മീയമായ പ്രാർതഥനയുടെ, സ്നേഹത്തിന്റെ, പുണ്യത്തിന്റെ, പുണ്യവഴികളുടെ ഒരു പരിസ്ഥിതിയാണ്. ക്രിസ്മസ് സ്നേഹവും ത്യാഗവും വിശുദ്ധിയും പ്രാർത്ഥനയും കൊച്ചുക്കൊച്ചു ത്യാഗങ്ങളും നോമ്പനുഷ്ടാനങ്ങളും ത്യാഗപ്രവർത്തികളൊക്കെച്ചേർന്ന് ഒരു വലിയ ആത്മീയ പരിസ്ഥിതി നമുക്കുചുറ്റും രൂപപ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ ക്രിസ്മസ് ഒരു സന്തോഷത്തിന്റെ പരിസരമാകുന്നത് ഈ ഒരു ആത്മീയ പരിസരത്തിൽ ജീവിക്കുന്നവനാണ് എന്ന് പറയാതെ വയ്യ.

എന്തുകൊണ്ട് ദൈവം ജോസഫിനേയും മിറയത്തേയും തിരഞ്ഞെടുത്തു.

ജോസഫും മിറയവും ആത്മീയപരിസരങ്ങളിൽ ജീവിക്കുന്നവരായിരുന്നു എന്നത് ഒന്നാമത്തെ കാര്യം.

ഇരുവർക്കുമുണ്ടായിരുന്ന ആത്മീയമായ ഒരു ലാളിത്യമുണ്ട്. രണ്ടുപേരും അധികമൊന്നും ദൈവത്തോട് സംസാരിക്കുന്നില്ല. രണ്ടുപേരും അധികമൊന്നും മനുഷ്യരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നില്ല. രണ്ടുപേരും ദൈവം നൽകിയ മഹാഭാഗ്യത്തിൽ അതിരറ്റ് അഹങ്കരിക്കുന്നുമില്ല.

ക്രിസ്മസ് എന്റെ സന്തോഷത്തിന്റെ തിരുന്നാളായി മാറണം.

അതിന് ഞാൻ ചെയ്യേണ്ടതും ഈ ആത്മീയ പരിസരം രൂപപ്പെടുത്തിയെടുക്കുക എന്നുള്ളതാണ്. ആത്മീയ പരിസരത്തിൽ ജീവിക്കാതെ ദൈവത്തിലേക്കടുക്കാൻ ജീവിതത്തിൽ യഥാർത്ഥ ആനന്ദമനുഭവിക്കാൻ നമുക്ക് വേറെ മാർഗങ്ങളില്ല.

ആത്മീയപരിസരമെന്നാൽ ദൈവത്തിന്റെ ഗന്ധമുള്ളവരായി മാറുക.

ഒരു ഹോട്ടലിനുചുറ്റും എപ്പോഴും ഭക്ഷണത്തിന്റെ ഗന്ധമുണ്ടായിരിക്കും.

ആശുപത്രികളിലും ആശുപത്രിമുറികളിലും എപ്പോഴും മരുന്നിന്റെ ഗന്ധമുണ്ടായിരിക്കും.

ഒരു കശാപ്പുകടയോട് ചേർന്ന് പരിസരങ്ങളിലൊക്കെ കശാപ്പുകടയിലെ ദുർഗന്ധമുണ്ടായിരിക്കും.

ഇതുപോലെ ദൈവത്തോട് ചേർന്ന് ജീവിക്കുന്നവർക്ക് ആത്മീയ പരിസരങ്ങളിൽ ജീവിക്കുന്നവർക്ക് ദൈവത്തിന്റെ ഗന്ധമുണ്ടായിരിക്കും. മദ്യപന് ചുറ്റും മദ്യത്തിന്റെ ഗന്ധമുള്ളതു പോലെ ആശുപത്രിക്കു ചുറ്റും മരുന്നിന്റെ ഗന്ധമുള്ളതു പോലെ ആത്മീയതയിൽ ജീവിക്കുന്നവന് ദൈവത്തിന്റെ ഗന്ധമുണ്ടായിരിക്കും.

കാലിത്തൊഴുത്തിൽ പിറന്നവന് കന്നുകലിയുടെ ഗന്ധം

മണ്ണിൽ ജീവിക്കുന്നവന് മണ്ണിന്റെ ഗന്ധം

ദൈവമേ പച്ചയായ മനുഷ്യ ജവിതത്തിന്റെ ചുറ്റുപാടുകളിൽ എളിയവരേയും വേദനിക്കുന്നവരേയും ദുഖിതരേയും ആശ്വസിപ്പിക്കാൻ അവന്റെ നൊമ്പരങ്ങൾ തൊട്ടറിയാനും അങ്ങനെ സാധാരണ ജീതങ്ങളിലെ ദൈവത്തിന്റെ സുഗന്ധങ്ങളെ എന്നും ഞങ്ങളെ ശക്തരാക്കണേ ആമേൻ.